**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 43** **01-02-2023 - ൽ മറുപടിയ്ക്ക്**

**പി.എസ്.സി. നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിവിധ സർക്കാർ വകുപ്പുകളിൽ പി.എസ്.സി. മുഖേന നിയമനം ലഭിച്ച എത്ര ജീവനക്കാർ നിലവിലുണ്ടെന്ന് അറിയിക്കാമോ; | (എ) | സർക്കാർ വകുപ്പുകളിൽ PSC/എംപ്ലോയ് മെന്റ് മുഖേനയും ആശ്രിത നിയമനം/സ്പോർട്സ് ക്വാട്ട മുഖേനയും നിയമനങ്ങൾ നടത്തുന്നുണ്ട്. PSC മുഖേന മാത്രം നിയമനം ലഭിച്ചവരുടെ വിവരം പ്രത്യേകമായി ശേഖരിച്ചിട്ടില്ല. |
| (ബി) | കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് സ്ഥിരപ്പെടുത്തിയ താൽക്കാലിക ജീവനക്കാരുടെ എണ്ണം എത്രയെന്ന് വിശദമാക്കാമോ; | (ബി) | വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. |
| (സി) | 2016 മുതൽ 2021 വരെയുള്ള അഞ്ച് വർഷ കാലയളവിൽ നടത്തിയ പി.എസ്.സി. നിയമനങ്ങൾ എത്രയെന്ന് വ്യക്തമാക്കാമോ; | (സി) | 2016 മുതൽ 2021 വരെ ആകെ 1,89,526 ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. നിയമന ശുപാർശ നൽകിയിട്ടുണ്ട്. |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എസ്.സി. മുഖേന നടത്തിയ നിയമനങ്ങളുടെ കണക്ക് വ്യക്തമാക്കാമോ? | (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 39,275 ഉദ്യോഗാർത്ഥികൾക്ക് നിയമന ശുപാർശ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ